കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ക്ഷേമത്തിനായി നടപടി

181 (1909) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് പീരിയോഡിക്കൽ ഫിറ്റ്നസ് പരിശോധനയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി ഡ്രൈവർമാർക്ക് പീരിയോഡിക്കൽ ഫിറ്റ്നസ്സ് പരിശോധന നിർബന്ധമാക്കിയിട്ടില്ല.

എന്നാൽ പരിശോധനകൾക്കും ചികിത്സയ്ക്കുമായി തിരുവനന്തപുരത്ത് ഒരു ആരോഗ്യകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഡ്യൂട്ടിയിലായിരിക്കവെ അപകടത്തിൽപ്പെടുന്ന സ്ഥിരം ജീവനക്കാർക്ക് ചികിത്സ പൂർത്തിയാക്കുന്നതിന് പ്രത്യേക അവശതാവധി അനുവദിക്കുന്നുണ്ട്. രോഗങ്ങൾ ബാധിച്ച ജിവനക്കാർക്ക് അവരുടെ രോഗചികിത്സയ്ക്കായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി ലൈറ്റ് ഡ്യൂട്ടി അനുവദിക്കാറുണ്ട്. കൂടാതെ രോഗചികിത്സക്കായി സാമ്പത്തിക സഹായവും അനുവദിക്കാറുണ്ട് സർവ്വീസിലായിരിക്കവെ മരണപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 28-11-2008-ൽ പുതിയ സേവന-വേതന കരാർ നടപ്പാക്കുകയുണ്ടായി. മുഴുവൻ ജീവനക്കാരെയും ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളാക്കുകയും ചെയ്തു.

ആശ്രിത നിയമനം

182 (1910) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. കണ്ണൂർ യൂണിറ്റിൽ ഡ്രൈവറായിരിക്കെ അപകടത്തിൽ മരിച്ച പ്രവീണിന്റെ ആശ്രിതന് സമാശ്വാസ തൊഴിൽദാന പദ്ധതിയനുസരിച്ച് ജോലി നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 28-7-2008-ൽ മരണപ്പെട്ട ഡ്രൈവർ കെ. പ്രവീണിന്റെ ആശ്രിതർക്ക് നൽകുന്ന ജോലിക്കുവേണ്ടി പരേതന്റെ സഹോദരനായ ശ്രീ. കെ. ജഗത്ത് സമർപ്പിച്ച അപേക്ഷ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly